HON'BLE MR. A. J. JOHN : അതേ.

MR. K. P. NILAKANTA PILLAI : ഗവണ്മെൻറു കൊടുത്തിട്ടുള്ള ലോണുകൾക്കെല്ലാം മതിയായ അസൊറൻസ് ഉണ്ടായിരുന്നോ?

HON'BLE MR. A. J. JOHN : ഉണ്ടെന്നാണ് അസൊറൻസ് തിട്ടപ്പെടുത്തിയ അളുകൾ പറഞ്ഞിട്ടുള്ളത്.

MR. MOHAMMED MUSTAFA : സർ, ഒരു പോയിന്റ് ഓഡർ. നോട്ടീസിൽ കാണുന്ന മൂന്നാമത്തെ ചോദ്യങ്ങൾ വിളിക്കുക പതിവ്. എന്നാൽ ഇന്ന് ഫസ്റ്റ് ക്വസ്റ്റ്യനെ ചോദ്യംകേഴിഞ്ഞ് സെക്കൻ ലിസ്റ്റിൽ ഉണ്ടായിരുന്നിട്ടും വിളിക്കാതെ രണ്ടാമത്തെ ചോദ്യമാണ് വിളിച്ചിട്ടുള്ളത്. ഫസ്റ്റ്-ാമത്തെ ചോദ്യം ഡിസ്അലൗ ചെയ്തിരിക്കുകയാണോ എന്നറിഞ്ഞാൽകൊള്ളാം.

MR. PRESIDENT: It is only an omission. I will call you later.

പോലീസ് ഇൻസ്പെക്ടർ മി. പൊന്നയ്യാനാടാർ.

22. MR. K. SARANGADHARAN (*Ambalapuzha II—General*) : താഴെ പറയുന്ന ഉദ്യോഗസ്ഥരെക്കുറിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ?

(എ) കഴിഞ്ഞ സ്റ്റേറ്റുകോൺഗ്രസ് സമരകാലത്ത് അലപ്പുഴ പോലീസ് ഇൻസ്പെക്ടറായിരുന്ന മി. പൊന്നയ്യാ നാടാർ ഇപ്പോൾ എവിടെയാണ്?

(ബി) അലപ്പുഴ എസ്. ഡി. വി. കോളേജിന്റെ മുൻപിൽ വച്ചുണ്ടായ കലാസിഡമായ ലാത്തിച്ചാർജ്ജ് നടന്നപ്പോഴും, അതിനു മുൻപും പിൻപും പൊതുജനങ്ങളെ ഭീകരമായി മർദ്ദിക്കുന്നതിനു മി. പൊന്നയ്യാനാടാർ നേതൃത്വം നൽകിയതുകൊണ്ടു ടിയാനോടു ഏതാനും മേലുദ്യോഗസ്ഥന്മാർക്കു വിരോധമായിരുന്നുവെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(സി) മി. പൊന്നയ്യാനാടാരുടെ സ്വഭാവശുദ്ധിയേയും കാര്യക്ഷമതയേയും പരിഗണിച്ചു ടിയാനെ സസ്പെൻസിലെടുത്തു പ്രോസിക്യൂട്ടു ചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : (*a*) Yes, under suspension.

(*b*) No.

(*c*) The matter will be considered on the merits.

LIBRARY ARCHIVES Kerala Legislative Assembly

MR. T. A. ABDULLA : മി. പൊന്നയ്യനാടാർ ഡസ്റ്റൻറ്റെയ്തിട്ട് എത്ര കാലമായി എന്ന് പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : സൂക്ഷ്മമായി പറയുന്നതിന് ഇപ്പോൾ നിവൃത്തിയില്ല. എങ്കിലും ഒരു കൊല്ലമായി എന്നാണ് എൻറെ ഓർമ്മ. അല്ല അത്ര ശരിയാണോ എന്ന് നിശ്ചയമില്ല. ഓർമ്മയെമാത്രം അടിസ്ഥാനമാക്കി പറയുകയാണ് .

MR. T. A. ABDULLA : ഇതുപോലെയുള്ള ഒരു കാര്യത്തിൽ അവസാനത്തീരുമാനം എടുക്കുന്നതിന് ഏത്ര സമയം വേണ്ടിവരുമെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതിനു സൂക്ഷ്മമായ ഒരു മറുപടി പറയുവാൻ സാധ്യമല്ല. എന്നാൽ ഒരുദ്യോഗസ്ഥനെപ്പറ്റി അന്വേഷണം നടത്തി അവസാനതീരുമാനം എടുക്കുന്നതിന് കുറച്ചു സമയം വേണ്ടിവരുമെന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ മനസ്സിലാക്കുന്നു മെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒരുദ്യോഗസ്ഥൻറെ പേരിലുള്ള ചാർജിൻറെ ഗൗരവം സ്വഭാവം മുതലായവയെ അടിസ്ഥാനമാക്കിയിരിക്കും ഈ തീരുമാനിക്കുന്നതിന് വേണ്ടിവരുന്ന സമയം. ഇതേ സംബന്ധിച്ച് ഞാനപേക്ഷിച്ചതിൻറെ ഫലമായി ഗവൺമെൻറ് പ്രോസിക്യൂഷൻ കൊടുത്തിട്ടുണ്ടോ?

MR. K. RAMAKRISHNA PILLAI (*Ambalapuzha I—General*) : അമ്പലപ്പുഴയിലെ പ്രസിദ്ധമായ ലാത്തിച്ചാർജ്ജ് നടത്തിയ മി. അച്യുതന് പ്രമോഷൻ കൊടുത്തിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ആ ചോദ്യത്തിന് നോട്ടീസ് ആവശ്യപ്പെടാൻ ഞാൻ നിർബന്ധിതനാണ് .

MR. K. RAMAKRISHNA PILLAI : അന്ന അമ്പലപ്പുഴ എ. എസ്. പി. ആയിരുന്ന മി. അച്യുതൻ ഇപ്പോൾ തിരുവനന്തപുരത്ത് ഡി. എസ്. പി. ആയിരിക്കുകയാണെന്നറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ഔദ്യോഗികമായി അന്ന് അവിടെ എ. എസ്. പി. ആയിരുന്നതായതിനെ എനിക്കറിയാൻ കഴിഞ്ഞിട്ടില്ല. ആ നിലക്ക് ഇന്ന് അദ്ദേഹം തിരുവനന്തപുരത്ത ഡി. എസ്. പി. ആയിരിക്കുന്നതായിട്ടറിയാമോ എന്ന ചോദ്യത്തിനു ഉത്തരം പറയുവാൻ സ്വാഭാവികമായി നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH : മി. പൊന്നയ്യാ നാടാരെ സസ്പെൻഷനിൽ നിറുത്തി എന്നു പറഞ്ഞല്ലൊ. ഈ ഉദ്യോഗത്തിന്റെ പേരിൽ കൊണ്ടുവന്ന ചാർജ്ജുകളെന്തെല്ലാമെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : മേലധികാരികൾ പറഞ്ഞതിനെ ധിക്കരിച്ചു എന്നുള്ളതാണ് അദ്ദേഹത്തിന്റെ മേലിൽ കൊണ്ടുവന്നിട്ടുള്ള ആരോപണം.

MR. K. P. NILAKANTA PILLAI : അദ്ദേഹം ജോലി രാജി വയ്ക്കുകയുണ്ടായോ?

HON'BLE MR. T. K. NARAYANA PILLAI : അദ്ദേഹം ജോലി രാജി വച്ചു. എന്നാൽ രാജി സ്വീകരിക്കാതെ അദ്ദേഹത്തെ സസ്പെൻഷനിൽ നിറുത്തുകയാണ് ചെയ്തത്.

MR. K. P. NILAKANTA PILLAI : ഏതുദ്യോഗസ്ഥനാണ് അദ്ദേഹത്തെ സസ്പെൻഷനിൽ നിറുത്തിയത്?

HON'BLE MR. T. K. NARAYANA PILLAI : ആ ചോദ്യത്തിനു ഇപ്പോൾ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

MR. P. S. MUHAMMED : ലാത്തിചാർജ്ജ് സംബന്ധമായ കാര്യങ്ങൾ ക്കായിട്ടാണോ അദ്ദേഹത്തെ സസ്പെൻഷനിൽ നിറുത്തുവാനിടയായത്?

HON'BLE MR. T. K. NARAYANA PILLAI : അതുമൈനസ് ഖണ്ഡിതമായി പറയുവാൻ നിവൃത്തിയില്ല. മേലുദ്യോഗസ്ഥൻ പറഞ്ഞ ആജ്ഞയെ അദ്ദേഹം അനുസരിച്ചില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ മേലിൽ കാണുന്ന കുറ്റം.

MR. P. NANU (*Chirayinkil II—General*) : ലാത്തിചാർജ്ജ് നടത്തിയ ഉദ്യോഗസ്ഥനു പ്രമോഷൻ കൊടുക്കരുതെന്നു വല്ല ചട്ടവുമുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ഒരു ചട്ടം എന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ഇൻഡ്യൻ നാളികേരക്കമ്മിറ്റിയുടെ പ്രവർത്തനം.

23. MR. MUHAMMED MUSTAFA : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി അരുളുമോ?

(എ) ഇൻഡ്യൻ നാളികേരക്കമ്മിറ്റിയുടെ പ്രവർത്തനംമൂലം ഈ രാജ്യത്തെ കേരകർഷകർക്ക് എന്തെങ്കിലും സാരമായ ഗുണം ലഭിച്ചിട്ടുള്ളതായി ഗവണ്മെന്റിനു ബോദ്ധ്യമുണ്ടോ?

(ബി) കയർ, കൊപ്ര, വെളിച്ചെണ്ണ എന്നീ കേരോല്പന്നങ്ങൾക്കു പുറംരാജ്യങ്ങളിൽ കൂടുതൽ വില കിട്ടുന്നതിനും കൂടുതൽ വ്യാപനം

LIBRARY ARCHIVES Kerala Legislative Assembly